സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 28.05.2021

നമ്പർ. C1/16817/21/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിൽ 2021 - 2022 അദ്ധ്യയന വർഷത്തെ ഓൺലൈൻ ക്ലാസ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ______________

സംസ്ഥാനത്ത് **കോവിഡ്** 19 പകർച്ചവ്യാധിയുടെ വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ, വിദ്യാർഥികളുടെ സുരക്ഷ കണക്കിലെടുത്തുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിൽ കഴിഞ്ഞ അധ്യയന വർഷത്തിലേതുപോലെ ഈ അധ്യയന വർഷത്തിലും (2021 - 2022) ഓൺലൈൻ ആയി തന്നെ പഠനം ആരംഭിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. അപ്രകാരം പഠനം ആരംഭിക്കുമ്പോൾ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരെയും അറിയിക്കുന്നു.

i) ടെക്നിക്കൽ ഹൈസ്കൂളുകളിലെ 9, 10 സ്റ്റാൻഡേർഡുകളിലേക്കുള്ള ഓൺലൈൻ ക്ലാസ്സുകൾ (ട്രേഡ് വിഷയങ്ങൾ ഉൾപ്പെടെ) 2021 ജൂൺ ഒന്നാം തിയതി തന്നെ ആരംഭിക്കേണ്ടതാണ്.

ii) മേൽ സൂചിപ്പിച്ചതുപ്രകാരം ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ ജനറൽ വിഷയങ്ങളുടെ കാര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം ക്ളാസുകൾ നടത്തേണ്ടത്.

iii) 2021 - 2022 അദ്ധ്യയന വർഷത്തേക്ക് 8-)0 ക്ലാസ്സിലേക്ക് വിദ്യാർഥിപ്രവേശനം നടത്തിയ സ്കൂളുകളിൽ ഓൺലൈൻ പഠനം ജൂൺ ഒന്നാം തീയതി തന്നെ ആരംഭിക്കേണ്ടതാണ്. അനുവദിക്കപ്പെട്ട സീറ്റുകളെക്കാൾ കൂടുതൽ അപേക്ഷ ലഭിച്ച സ്കൂളുകളിൽ അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓൺലൈൻ പഠനം ആരംഭിച്ചാൽ മതിയാകും.

iv) ഓൺലൈൻ ക്ലാസ്സുകൾ നടത്തുമ്പോൾ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് ജോയിന്റ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

ശശികുമാർ കെ.എൻ
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

1) ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച്, കളമശ്ശേരി.

2) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരുടേയും അറിവിലേക്കായി (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File C1/16817/21/DTE Approved by Senior Joint Director (PS) on 28-May-2021 10:05 PM - Page 1